## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 140 06-01-2014-ൽ മറുപടിക്ക്.

### വ്യാജമദ്യ നിർമ്മാണം, വിപണനം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. കെ. ദാസൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം വ്യാജമദ്യം കഴിച്ച് മരണപ്പെട്ടവർ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം, വ്യാജമദ്യം കഴിച്ച് ആരും മരണപ്പെട്ടിട്ടില്ല. |
| (ബി) | വ്യാജമദ്യനിർമ്മാണവും വിപണന വും, കൈവശം വയ്ക്കലുമുൾപ്പെടെ ഈ വർഷം രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്ര; എല്ലാ കേസുക ളിലുമായി പ്രതികൾ എത്ര; അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്ത പ്രതികൾ എത്ര; വിശദമാക്കാമോ; | (ബി) | വ്യാജമദ്യനിർമ്മാണവും വിപണന വും, കൈവശം വയ്ക്കലുമുൾപ്പെ ടെ ഈ വർഷം 939 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ 565 പ്രതികളുള്ളതിൽ, 99 പേരെ അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) | എത്ര കേസുകൾ എഴുതിത്തള്ളുക യുണ്ടായി; | (സി) | 210 കേസുകൾ എഴുതിത്തള്ളിയി ട്ടുണ്ട്. |
| (ഡി) | ബിവറേജസ് കോർപ്പറേഷന് മദ്യം നൽകുന്ന ഏതെങ്കിലും കമ്പനിയുടെ മദ്യം വ്യാജമായി വില്പന നടത്തി യതിന് കേസെടുക്കുകയുണ്ടായിട്ടു ണ്ടോ; എങ്കിൽ ഏത് കമ്പനിക്കെതി രെ; | (ഡി) | ഇല്ല. |
| (ഇ) | ബിവറേജസ് കോർപ്പറേഷൻ വഴിയ ല്ലാതെ ഏതെങ്കിലും കമ്പനിയുടെ വിദേശമദ്യം അനധികൃതമായി വില്പന നടക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യ മാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ആഫീസർ